**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 824** **06-02-2023 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ നിയോജക മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം ഊരുകൂട്ടങ്ങളെയാണ് അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഊരുകൂട്ടങ്ങളിൽ ഡി.പി.ആർ. പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചവ ഏതെല്ലാമാണ്; ഓരോന്നിന്റെയും നിലവിലെ അവസ്ഥ അറിയിക്കാമോ; | (എ) | പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പട്ടുത്തുവയൽ, എയ്യൻകല്ല് എന്നീ കോളനികളെയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ പട്ടുത്തുവയൽ കോളനിയിലെ 7 പ്രവൃത്തികളിൽ ഭവനനിർമ്മാണം, ഭവന നവീകരണം, സ്ട്രീറ്റ് ലൈറ്റ്, നടപ്പാത, കിണർ നിർമ്മാണം എന്നീ 5 പ്രവൃത്തികൾ പൂർത്തീകരിക്കുകയും, 2 പദ്ധതികളുടെ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലുമാണ്. എയ്യൻകല്ല് കോളനിയിൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |
| (ബി) | എയ്യൻകല്ല് ഊരു കൂട്ടത്തിലെ പ്രവൃത്തികൾ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | (ബി) | എയ്യൻകല്ല് കോളനിയിൽ ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം എന്നീ പ്രവൃത്തികളെയായിരുന്നു ഡി.പി.ആർ ൽ അംഗീകരിച്ചത്. എന്നാൽ കോളനിക്കാർക്ക് രണ്ട് പ്രവൃത്തികളും ആവശ്യമില്ല എന്നറിയിച്ചതിനെ തുടർന്ന് എയ്യൻകല്ല് കോളനിയിലെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |
| (സി) | എയ്യൻകല്ല് ഊരുകൂട്ടത്തിൽ യോഗം ചേർന്ന് ഡി.പി.ആർ-ൽ ആവശ്യമായ മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (സി) | എയ്യൻകല്ല് കോളനിയിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഭേദഗതി വരുത്തിയ ഡി.പി.ആർ പ്രകാരമുള്ള പ്രവൃത്തികൾ നടപ്പാക്കുന്ന വിഷയം പരിഗണിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ